# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/36/189/2017      <u>പത്രക്കുറിപ്പ്</u>      2017 സെപ്റ്റംബർ 06

**ജില്ലാജൈവ പദ്ധതി : ഏഴാംദിനത്തിൽ 80 ശതമാനം ഗൃഹസന്ദർശനം പൂർത്തിയായി.**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ നാഷണൽ സർവ്വീസ് സ്കീം നടപ്പിലാക്കുന്ന കോട്ടയം ജില്ലാ ജൈവസാക്ഷരതായജ്ഞത്തിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായുള്ള 100 സപ്തദിന ക്യാമ്പുകൾ പൂർത്തിയായപ്പോൾ 4 ലക്ഷം വീടുകളിലെ സർവ്വേയും ജൈവബോധവൽക്കരണ പ്രക്രിയയും പൂർത്തിയായി. അവശേഷിക്കുന്ന 20 ശതമാനം വീടുകളിൽ 10 ശതമാനം ഭവനങ്ങളിൽ ര ാം ഘട്ടമായി ഇന്നുമുതൽ(സെപ്റ്റംബർ7) 13 വരെയും ബാക്കി 10 ശതമാനം വീടുകളിൽ മൂന്നാം ഘട്ടമായി സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 4 വരെയും സന്ദർശിച്ച് സർവ്വേയും ബോധവൽക്കരണവും പൂർത്തിയാക്കും.

പാലാ അസംപ്ഷൻ, സെന്റ്തോമസ്, അങ്കമാലി മോർണിംഗ് സ്റ്റാർ എന്നീ കോളേജുകളിലെ ക്യാമ്പിൽ പുതുതായി ചുമതലയേറ്റ പ്രോ വൈസ്ചാൻസലർ പ്രൊഫ. സാബു തോമസ് സന്ദർശനം നടത്തി. സർവ്വകലാശാലയുടെ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി ര ാം സാക്ഷരതാ വിപ്ലവമായി ജൈവം-2017 ഏറ്റെടുത്ത എൻ. എസ്. എസ് വോള ിയർമാരെ അദ്ദേഹം മുക്തകണ്ഠം പ്രശംസിച്ചു.

വൈസ്ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ, രജിസ്ട്രാറും ജനറൽ കൺവീനറുമായ എം. ആർ. ഉണ്ണി, സിൻഡിക്കേറ്റംഗവും ജൈവം ചെയർമാനുമായ അഡ്വ. പി. കെ. ഹരികുമാർ, സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. എ. ജോസ്, ഡോ. പി. കെ. പത്മകുമാർ, ഡോ. ആർ. പ്രഗാഷ്, ഡോ. എസ്. സുജാത, ഡോ. കെ. ഷെറഫുദ്ദീൻ, വി. എസ്. പ്രവീൺ കുമാർ, എൻ. എസ്. എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. സന്തോഷ്. പി. തമ്പി, ജൈവം കോ-ഓർഡിനേറ്റർ ജി. ശ്രീകുമാർ തുടങ്ങിയവർ വിവിധ ക്യാമ്പുകൾ സന്ദർശിച്ചു.

ജില്ലയിലെ 4,87,296 ഭവനങ്ങളിലും ജൈവകൃഷിരീതികൾ പരിചയപ്പെടുത്തുകയും വിവരശേഖരണം നടത്തുകയും സമഗ്ര കൃഷി ബോധനകൈപ്പുസ്തകം കൈമാറുകയുമാണ് പദ്ധതിയുടെ ഭാഗമായി ഒരാഴ്ചത്തെ എൻ. എസ്. എസ് ക്യാമ്പിലൂടെ നടപ്പാക്കിയത്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**